(ബി) അഞ്ചാം ക്ലാസ്സിലെ പാഠപുസ്തകങ്ങളും ആറു ഡി.പി.ഇ.പി. ജില്ലകളിലെ ആറാം ക്ലാസ്സിൽ ഈ വർഷം പുതുതായി ഏർപ്പെടുത്തിയ പാഠ പുസ്തകങ്ങളും എത്തിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ട്.

(സി) കഴിഞ്ഞ വർഷത്തെ അഞ്ചാം ക്ലാസ്സിലെ പാഠപുസ്തകങ്ങൾക്ക് ചില തിരുത്തലുകളും മാറ്റങ്ങളും ഏർപ്പെടുത്തുകയും സംസ്ഥാനത്തെ ആറു ജില്ലകളിലെ ആറാം ക്ലാസ്സിൽ ഡി.പി.ഇ.പി. പാഠ്യപദ്ധതി പ്രകാരം പുതിയ പാഠപുസ്തങ്ങൾ ഏർപ്പെടുത്തുകയും ഉണ്ടായി. ഇവയുടെ രചന, ആവി ഷ്കാരം, അച്ചടി എന്നിവയിലുണ്ടായ താമസം നിമിത്തം പുസ്തകങ്ങൾ യഥാ സമയം വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിട്ടു.

45 (1259) പ്രതിവർഷം അച്ചടിക്കുന്ന പാഠപുസ്തകങ്ങൾ

<u>ശ്രീമതി ശോഭനാ ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാ ഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം എത്ര പാഠപുസ്തകങ്ങൾ അച്ചടി ക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇവ ഏതെല്ലാം പ്രസ്സുകളിലാണ് അച്ചടിക്കുന്നത് എന്ന് വ്യക്ത മാക്കുമോ;

(സി) പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് സംസ്ഥാന സർക്കാർ ഓരോ പ്രസ്സുകൾക്കും നൽകിവരുന്ന കൂലി എത്ര രൂപ വീതം എന്ന് വ്യക്തമാ ക്കുമോ;

(ഡി) ഇവ അച്ചടിക്കുന്നതിന് പ്രസ്സുകളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പ്രതിവർഷം ഏകദേശം 3 കോടിയിലേറെ പാഠ പുസ്തകങ്ങൾ അച്ചടിക്കുന്നുണ്ട്.

(ബി) കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി തൃക്കാ ക്കര, കേരളാ സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ, മണ്ണ ന്തല വാഴൂർ, ഷെർണ്ണൂർ എന്നിവിടങ്ങളിലെ ഗവൺമെന്റ് പ്രസ്സുകൾ സ്വകാര്യ പ്രസ്സുകൾ എന്നിവിടങ്ങളിലാണ് ഇവ അച്ചടിക്കുന്നത്.

(സി) 100 പേജുള്ള ഒരു പാഠപുസ്തകം അച്ചടിക്കുന്നതിന് ഇപ്പോൾ നൽകിവരുന്ന കൂലി താഴെ പറയുംപ്രകാരമാണ്.

		ബ്ലാക്ക് & വൈറ്റ്		4 കളർ	
		രൂപ	പൈസ	രൂപ	പൈസ
1.	കേരളാ സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ	1	05	2	07
2.	സർക്കാർ പ്രസ്സുകൾ	7	07	ഇല്ല	
3.	സ്വകാര്യ പ്രസ്സുകൾ	0	88	2	03

(ഡി) കേരളാ ബുക്സ് ആന്റ് പബ്ളിക്കേഷൻസ് സൊസൈറ്റി, കേരളാ സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ, സർക്കാർ പ്രസ്സുകൾ എന്നിവയ്ക്ക് ഓരോ വർഷവും അവർക്ക് അച്ചടിച്ചു നൽകുവാൻ കഴിയുന്നിടത്തോളം എണ്ണം പാഠപുസ്തകങ്ങളുടെ അച്ചടി നൽകാറുണ്ട്. ഇതിനുപരിയായി വേണ്ടിവരുന്ന പാഠപുസ്തകങ്ങളുടെ അച്ചടി കാലാകാലങ്ങ ളിൽ സർക്കാർ അനുമതിയോടെ ടെണ്ടർ വിളിച്ച് സ്വകാര്യ പ്രസ്സുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

കുറഞ്ഞ കുലിനിരക്ക്, അച്ചടിക്കാനുള്ള കാര്യക്ഷമത എന്നിവകൂടി കണക്കിലെടുത്ത് നൽകാറുണ്ട്.

46 (1260) കോളേജുകളിൽ പ്രീഡിഗ്രി നിർത്തലാക്കിയതും സ്കൂളുകളിൽ പ്ലസ് ടു അനുവദിച്ചതുമായ നടപടി

ശ്രീ. എം. മുരളി :

ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ സമുദായവും നടത്തുന്ന കോളേജുകളിൽ നിന്ന് ഇതുവരെ പ്രീഡിഗ്രിക്കുള്ള എത്ര സീറ്റുകൾ വീതം നിർത്തലാക്കിയിട്ടുണ്ട്;

(ബി) ഇത്തരം സ്കൂളുകളിൽ ഇതുവരെ എത്ര പ്ലസ് ടു സീറ്റുകൾ വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

47 (1261) യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂഷണൽ ടെക്നോളജി മുഖേന നടത്തുന്ന കോഴ്സുകൾ

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്നു ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂഷണൽ ടെക്നോളജിയുടെ ബി.ബി.എ, ബി.എസ്സ്.സി കമ്പ്യൂട്ടർ സയൻസ്, ബി.എസ്സ്.സി. ഇലക്ട്രോണിക്സ് എന്നിവയ്ക്ക് ഗവൺമെന്റ് അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കോഴ്സുകൾ എന്നുമുതലാണ് ആരംഭിച്ചത്;

(സി) ഈ കോഴ്സുകൾ ഏതെല്ലാം ജില്ലകളിലാണ് ഉള്ളത്; അവ എവിടെയെല്ലാം;

(ഡി) ഈ കോഴ്സുകൾ ഡിഗ്രിക്ക് തുല്യമാണോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1995.

(സി) കേരള സർവ്വകലാശാലയുടെ കീഴിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലാണ് കോഴ്സുകൾ ഉള്ളത്. യു.ഐ.റ്റി. തിരുവനന്തപുരം, നെയ്യാറ്റിൻകര, കൊല്ലം, ആലപ്പുഴ, അടൂർ എന്നീ സ്ഥലങ്ങളിൽ

(ഡി) ഈ കോഴ്സുകൾ ഡിഗ്രിക്ക് തുല്യമായി അംഗീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly